ജീവൻ വിഴുങ്ങുന്ന ഓടകൾ

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- കുട്ടികളുടെ ചലച്ചിത്രമേളയിൽ താരത്തിളക്കം
- മഹാകവികൾക്ക് നൃത്തത്തിൽ ജുഗൽബന്ദിയൊരുക്കി രേഷ്മായു. രാജ്

ഭവനപദ്ധതി ആനുകൂല്യ വിതരണം

തിരുവനന്തപുരം: തിരുവനന്തപുരം നഗരസഭ പരിധിയിലെ പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ഒന്നും നാലും ഗഡുവും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ഭവനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള താക്കോൽദാനവും നാളെ വൈകിട്ട് 4 ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം കൺവെൻഷൻ സെന്ററിൽ വിതരണം ചെയ്യും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. മേയർ വി.കെ. പ്രശാന്ത്, നഗരസഭ സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ, കൗൺസിലർമാർ തുടങ്ങിയവർ സംബന്ധിക്കും.

സംഗീതപരിപാടി

തിരുവനന്തപുരം : കലാ സാംസ്കാരിക സംഘടനയായ ഫെയ്സിന്റെ പതിനാറാമത് വാർഷികാഘോഷത്തിന്റെ ഭാഗമായി ഹിന്ദി, തമിഴ്, മലയാളം ചലച്ചിത്രങ്ങളിലെ പതിനാറ് പ്രമുഖ ഗാനരചയിതാക്കളുടെ തിരഞ്ഞെടുത്ത ഗാനങ്ങൾ കോർത്തിണക്കി പതിനാറ് വേദികളിലായി സംഗീതപരിപാടി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ സംഗീത പ്രേമികൾ എന്നിവർക്കും ഗാനങ്ങൾ ആലപിക്കാൻ അവസരം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ബയോഡേറ്റ സഹിതം 20ന് വൈകിട്ട് 3ന് സ്റ്റാച്യു പ്രസ് ക്ലബിന് സമീപം മന്നം മെമ്മോറിയൽ നാഷണൽ ക്ലബിൽ എത്തിച്ചേരണം. 9946446036 എന്ന വാട്സ് ആപ്പ് നമ്പരിലും facetvm@gmail.com ഇമെയിൽ അഡ്രസിലും 19 വരെ അപേക്ഷിക്കാം. ഫോൺ: 9645645588.

സ്വാമി ശാശ്വതികാനന്ദ ട്രസ്റ്റ് സ്വാഗതസംഘം രൂപീകരണം

തിരുവനന്തപുരം : സ്വാമി ശാശ്വതികാനന്ദയുടെ 16-ാമത് സമാധിദിനം ജൂലായ് 2ന് ആചരിക്കുന്നതിനുവേണ്ടി ശാശ്വതികാനന്ദ സ്മാരക ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നാളെ വൈകിട്ട് 6ന് മണക്കാട് ട്രസ്റ്റ് ഓഫീസിലെ ശാശ്വതികാനന്ദ സ്വാമി ഹാളിൽ ട്രസ്റ്റ് ചെയർമാൻ മണക്കാട് സി. രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ സ്വാഗതസംഘം രൂപീകരിക്കുമെന്ന് ജനറൽ സെക്രട്ടറി വി.എസ്. ഷിബു അറിയിച്ചു. ഫോൺ: 9895113512.

ആത്മോപദേശ ശതകം പഠനക്ലാസ് ഇന്ന്

തിരുവനന്തപുരം : ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകം ഗുരു മുനിനാരായണ പ്രസാദിന്റെ വ്യാഖ്യാനത്തെപ്പറ്റി ഡോ. എസ്.കെ. രാധാകൃഷ്ണന്റെ പ്രഭാഷണവും ഗുരു നിത്യചൈതന്യയതി അനുസ്മരണ പ്രഭാഷണവും പേട്ട പള്ളിമുക്കിലെ ഗുരു ബുക്ക് സെന്റർ തോപ്പിൽ വീട്ടിൽ ഇന്ന് വൈകിട്ട് 5.30ന് നടക്കും. തുടർന്ന് കെ. സുലോചനൻ ഗുരുദേവകൃതി ആലപിക്കും. ഫോൺ: 9633438005.

മുടമ്പിൽ ശാസ്താക്ഷേത്രത്തിൽ ശനീശ്വരപൂജ

തിരുവനന്തപുരം: ചാക്ക ബൈപ്പാസ് മുടമ്പിൽ ശാസ്താ ക്ഷേത്രത്തിലെ ശനിദോഷ പരിഹാരത്തിനുള്ള ശനീശ്വരപൂജ 19ന് രാവിലെ 9.30ന് ക്ഷേത്ര തന്ത്രി ശാസ്താമണിപോറ്റിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തും. ഫോൺ: 9961124073.

മുട്ടത്തറയിൽ അനധികൃത മൊബൈൽ ടവർ: പ്രതിഷേധം ശക്തമാകുന്നു

തിരുവനന്തപുരം: മുട്ടത്തറ പൊന്നറ നഗരിൽ അനധികൃത മൊബൈൽ ടവർ നിർമ്മാണം നിറുത്തണമെന്ന് ജനകീയ സമരസമിതി ആവശ്യപ്പെട്ടു. ചെയർമാൻ ആർ. വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശക്തമായ സമരവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു.

വിവിധ റസിഡന്റ്സ് അസോസിയേഷനുകളുടെ കേന്ദ്രീകൃത സംഘടനാ ഭാരവാഹികളും സമരത്തിൽ പങ്കെടുക്കും. എയർപോർട്ട് അതോറിട്ടി റെഡ്സോൺ ആയി പ്രഖ്യാപിച്ച മേഖലയിലാണ് ഈ അനധികൃത നിർമ്മാണം നടക്കുന്നത്. കോർപറേഷൻ വക പൊന്നറ ശ്രീധരൻ സ്മാരക യു.പി സ്കൂളും സൺഡേ സ്കൂളും ഇതിന് സമീപത്താണ്.

റേഡിയേഷൻ ഭീഷണി നിലനിൽക്കുന്നതിനാൽ നൂറുകണക്കിനാളുകൾക്ക് ഇതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരും. ജില്ലാ ഭരണാധികാരികൾക്കും പൊലീസ് അധികാരികൾക്കും പരാതി സമർപ്പിച്ചതായും സമരസമിതി അറിയിച്ചു.

ഐ.സി.എഫ്.എഫ്.കെ

കുട്ടിച്ചാത്തൻ ത്രിഡീ, ജുറാസിക് പാർക്ക് ഇന്ന്

തിരുവനന്തപുരം: കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ 4-ാം ദിവസമായ ഇന്ന് 19 ചിത്രങ്ങൾക്കൊപ്പം 4 ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിക്കും. ഡയറക്ടർ ഇൻ ഫോക്കസ് വിഭാഗത്തിൽ മഹാനായ ഡോൺബോസ്കോയുടെ ജീവിതത്തെ ആസ്പദമാക്കി സംഗീത് ശിവൻ മലയാളത്തിൽ ഒരുക്കിയ ജീവചലച്ചിത്രം 'ജോണി ', സന്തോഷ് ശിവൻ സംവിധാനവും ഛായാഗ്രഹണവും നിർവഹിച്ച തമിഴ് ചിത്രം 'മല്ലി', അമോൽ ഗുപ്തേയുടെ 'സ്നിഫ്', 'ഹവാ ഹവായ്' എന്നീ ചിത്രങ്ങൾക്കൊപ്പം 5 ലോകസിനിമകളും പ്രദർശിപ്പിക്കും.

കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ രസിപ്പിക്കാൻ ശേഷിയുള്ള ഇന്ത്യൻ സിനിമാചരിത്രത്തിലെ നാഴികക്കല്ലായി മാറിയ ' മൈ ഡിയർ കുട്ടിച്ചാത്തൻ (3 ഡി) ', കുട്ടികളുടെ എക്കാലത്തെയും പ്രിയപ്പെട്ട ചിത്രം 'ഹോം എലോൺ', വിശ്വവിഖ്യാത ചലച്ചിത്രകാരൻ സിനിമ നിർമ്മാണത്തിന്റെ സാങ്കേതികതകളിൽ കോളിളക്കങ്ങൾ സൃഷ്ടിച്ച സ്റ്റീവൻ സ്പീൽബെർഗിന്റെ മികച്ച ചിത്രങ്ങളിലൊന്നായ 'ജുറാസിക് പാർക്ക് ' എന്നിവ ക്ലാസിക് വിഭാഗത്തിൽ പ്രദർശനത്തിനെത്തും. ഹാസ്യപ്രാധാന്യമുള്ള സങ്കൽപ് മെഷ്രാമിന്റെ 'ചുട്കൻ കി മഹാഭാരത് ', സീമ ദേശായിയുടെ 'പപ്പു കി പഗ്ഡണ്ടി ' എന്നീ ചിത്രങ്ങളും കാഴ്ചക്കാരിലെത്തും.

പറവ പറക്കും

നടൻ സൗബിൻ ഷാഹിർ രചനയും സംവിധാനവും നിർവഹിച്ച 'പറവ' ഇന്ന് വൈകിട്ട് 6.30ന് ടാഗോർ തിയേറ്ററിൽ മലയാളം ഫീച്ചർ വിഭാഗത്തിൽ പ്രദർശിപ്പിക്കും.

ഏറെ പ്രേക്ഷക പ്രീതി ലഭിച്ച പറവ, ഫോർട്ട് കൊച്ചിയിലെ സ്കൂൾ കുട്ടികളായ ഇർഷാദിന്റെയും ഹസീബിന്റെയും ജീവിതത്തിലൂടെ മുന്നോട് പോകുന്നു. ഇവരുടെ ജീവിതത്തിലുണ്ടാവുന്ന സംഘർഷഭരിതമായ മുഹൂർത്തങ്ങളെക്കുറിച്ച് പറഞ്ഞുപോകുന്ന കഥ ഒരു പ്രദേശത്തെ സംസ്കാരവും ജീവിതശൈലിയും സൗഹൃദത്തിനും ബന്ധങ്ങൾക്കും പ്രാധാന്യം നൽകുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യകരമായ ചിത്രം ബോക്സ്ഓഫീസിൽ വൻ വിജയം നേടിയിരുന്നു.

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: കഷ്ടകാലത്തിനൊന്ന് ഓടയിൽ വീണാൽ മതി പ്രാണൻ നഷ്ടപ്പെടാൻ. തലസ്ഥാന നഗരത്തിലാണെങ്കിൽ അതിന് പോന്ന ഓടകളുടെ നീണ്ട നിരതന്നെയുണ്ട്. ഇത് എന്ന് ശരിയാക്കുമെന്ന ചോദ്യത്തിന് അധികൃതർക്ക് ഉത്തരവുമില്ല. സ്ലാബില്ലാത്ത ഓടയിൽ വീണ് ചാരാച്ചിറ പണ്ഡിറ്റ് നഗർ കോളനിയിലെ മണിയൻ എന്ന അശോക്കുമാർ (50) ഞായറാഴ്ച മരിച്ചിരുന്നു. കാവ് റോഡിലെ ഓടയിലാണ് അശോക്കുമാർ വീണത്. വീഴ്ചയിൽ തല തറയിലിടിച്ചു. ഫയർഫോഴ്സിന്റെ ആംബുലൻസിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. കാവ് റോഡിലെ ഓടയിൽ മിക്കയിടത്തും സ്ലാബുണ്ട്. എന്നാൽ ഒരിടത്തില്ല. അവിടെയാണ് അശോക്കുമാർ മരിച്ചത്. ഇലക്ട്രിഷ്യനായ അശോക്കുമാറിന്റെ വരുമാനത്തിലാണ് ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബം കഴിഞ്ഞിരുന്നത്. അശോക്കുമാർ മരിച്ചതോടെ കുടുംബം അക്ഷരാർത്ഥത്തിൽ അനാഥമായി. അധികൃതരുടെ വീഴ്ചയാണ് ദുർവിധിക്ക് കാരണമായത്.

കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനും, ഡ്രൈനേജ് പൈപ്പ് ലൈൻ ഇടുന്നതിനുമായ് റോഡ് കുഴിച്ച് മാസങ്ങളായി പണി നടക്കുന്ന മുട്ടട ടി. കെ ദിവാകരൻ റോഡ്

മുട്ടട ടി.കെ. ദിവാകരൻ റോഡ് കുത്തിക്കുഴിച്ച് കിണറിന്റെ വലിപ്പത്തിലാക്കിയിട്ട് മാസങ്ങളായി. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ കുടിവെള്ള പൈപ്പുകളിടുന്നതിനും ഡ്രെയിനേജ് ലൈനൊരുക്കുന്നതിനുമായി വെട്ടിക്കുഴിച്ചിടത്തെല്ലാം വെള്ളം നിറഞ്ഞിരുന്നു. കുഴികളിൽ നിറഞ്ഞ വെള്ളം മോട്ടോർ പമ്പിന് അടിച്ചു കളഞ്ഞാണ് ഇന്നലെ രാവിലെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചത്. ഇത് എത്രകാലം തുടരുമെന്നറിയില്ല. അതുകൊണ്ട് ആവശ്യത്തിന് മുൻകരുതലെടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ചാക്ക ഐ. ടി. ഐക്കു സമീപത്തെ മൈത്രി ഗാർഡൻസിലെ ഓടകൾക്കും മൂടിയില്ല. ഇവിടെ മലിനജലം നിറഞ്ഞു കിടക്കുകയാണ്. വീടുകൾക്കു മുന്നിലാണ് ഓടയുള്ളത്. മഴക്കാലത്ത് ഓടയിൽ വെള്ളം നിറയും. അപ്പോൾ ഇവിടെയുള്ളവരുടെ മനസിൽ ആധിയാണ്. കുട്ടികൾ പുറത്തേക്കിറങ്ങുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ അപകടമുറപ്പ്. അധികാരികളോട് പരാതി പറയുമ്പോൾ എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടും. പിന്നെയും പഴയ അവസ്ഥ തന്നെ - പ്രദേശവാസികൾ പറയുന്നു.

മെഡിക്കൽ കോളേജ് - ഉള്ളൂർ റോഡിലെ ഇളങ്കാവിൽ ക്ഷേത്രത്തിനു സമീപത്തെ റോഡിലെ ടാറിളകി കുഴിയായി മാറി. തിരക്കേറിയ റോഡിൽ ഈ കുഴി വലുതാകുമെന്നുറപ്പ്. കിഴക്കേകോട്ടയിൽ കോവളം ഭാഗത്തേക്കുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് സമീപത്തെ ഓടകളുടെ മൂടിയും ഇളകി കിടക്കുകയാണ്. പഴവങ്ങാടിയിലും ഇതു തന്നെയാണവസ്ഥ. തമ്പാനൂർ എസ്.എസ് കോവിൽ റോഡിലും ഓടകൾക്ക് മൂടിയില്ല. ശക്തമായ മഴയിൽ ഓടയും തോടും തിരിച്ചറിയാനാകാത്ത അവസ്ഥയാണിവിടെ. ആയുർവേദകോളേജ് ജംഗ്ഷൻ - പഴയ ശ്രീകണ്ഠേശ്വരം റോഡിലെ ഓടയിൽ കുറച്ചു ഭാഗത്തു മാത്രമാണ് മൂടിയുള്ളത്.

ഉള്ളൂർ പ്രശാന്ത് നഗർ ജംഗ്ഷനിൽ പാതിവഴിയിലായ ഓട നിർമ്മാണം. റോഡിന്റെ പകുതിയോളം റോഡ് വെട്ടിക്കീറിയിട്ടതിനാൽ ഇവിടെ അപകടസാദ്ധ്യത ഏറെയാണ്

മെഡിക്കൽ കോളേജ് ഇളങ്കോവിൽ ക്ഷേത്രത്തിന് മുന്നിൽ റോഡ് തകർന്ന് കിടക്കുന്നു

നിർമ്മാണം പുരോഗമിക്കുന്ന കഴക്കൂട്ടം - കോവളം ബൈപാസിന്റെ സർവീസ് റോഡുകളിലെല്ലാം ഓടകളുണ്ട്. എന്നാൽ ഇവയ്ക്ക് മൂടികളില്ല. മഴ പെയ്താൽ താഴ്ന്ന സ്ഥലങ്ങളിലെ ഓടകളെല്ലാം നിറഞ്ഞ് കവിഞ്ഞ് സർവീസ് റോഡ് വെള്ളത്തിൽ മുങ്ങും. കാൽനടക്കാർ വശം ചേർന്നു പോയാൽ അപകടത്തിൽപ്പെടാനുള്ള സാദ്ധ്യത കൂടുതലാണ്. ഞായറാഴ്ച പെയ്ത മഴയിൽ കുറവൻകോണത്ത് വഴിയാത്രക്കാരൻ ഓടയിലേക്ക് തെന്നി വീണിരുന്നു. കുറച്ചു നേരത്തെ പരിശ്രമത്തിനു ശേഷമാണ് ഇയാൾ രക്ഷപ്പെട്ടത്. ഇവിടത്തെ ഓടകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. വഴയില ശാസ്താനഗറിൽ 69 വീടുകൾ വെള്ളത്തിലായി. ഇത് ശരിയായ രീതിയിൽ ഓടനിർമ്മിക്കാത്തത് കൊണ്ടാണെന്ന് നാട്ടുകാർ പറഞ്ഞു.

എപ്പോഴും വെള്ളക്കെട്ടുണ്ടാകുന്ന കരിക്കകത്തെ ഇടറോഡുകളിലെ ഓടകളിൽ മിക്കയിടത്തും മൂടിയില്ല. ബൈപാസിനു സമീപത്തെ 18 വീടുകളാണ് കഴിഞ്ഞ ദിവസം വെള്ളത്തിലായത്. ബൈപാസ് നിർമ്മാണത്തിനായി ഇവിടത്തെ കലുങ്കുകൾ മണ്ണിട്ടു മൂടിയതാണു വെള്ളപ്പൊക്കത്തിനു കാരണം.

ട്രാൻസ്ജെൻഡേഴ്സിനെ സംരക്ഷിക്കുക സർക്കാർ ലക്ഷ്യം: മുഖ്യമന്ത്രി

തിരുവനന്തപുരം : പാർശ്വവത്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ ട്രാൻസ്ജെൻഡേഴ്സിനെ സംരക്ഷിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ട്രാൻസ്ജെൻഡേഴ്സ് ഹെൽപ്പ് ലൈൻ, ട്രാൻസ്ജെൻഡർ സെൽ, സമഗ്ര പദ്ധതി 'മഴവിൽ' എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ട്രാൻസ്ജെൻഡർ സമൂഹത്തിനായുള്ള മഴവില്ല് പദ്ധതിയുടെ ഉദ്ഘാടനം നിശാഗന്ധി ആഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി കെ.കെ. ശൈലജ, മേയർ വി.കെ. പ്രശാന്ത്, പാളയം രാജൻ തുടങ്ങിയവർ സമീപം

ഇവർക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെയും സർക്കാർ കർശന നടപടി സ്വീകരിക്കും.

സർക്കാർപദ്ധതികൾകൊണ്ടുമാത്രം ട്രാൻസ്ജെൻഡേഴ്സിനോടുള്ള മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കാനാവില്ല. ഇവരെ അംഗീകരിക്കാൻ കൂട്ടാക്കാത്ത മനോഭാവം മാറ്റണം. ഇവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിയമവ്യവസ്ഥ അനുകൂലമായിമാറ്റേണ്ടതുണ്ട്. ഭരണഘടന അനുശാസിക്കുന്ന രീതിയിൽ ലിംഗനീതി ഉറപ്പാക്കണം.

സ്വന്തം സ്വത്വത്തിൽ അഭിമാനകരമായി ജീവിക്കണമെന്നുള്ള ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശത്തിന് ഒപ്പമാണ് എൽ.ഡി.എഫ് സർക്കാർ നിലകൊള്ളുന്നത്. ഇതിനുള്ള തെളിവാണ് ഇവർക്കായി സർക്കാർ നടപ്പാക്കുന്ന ക്ഷേമപദ്ധതികളെന്നും മുഖ്യമന്ത്രി പറഞ്ഞു.

വോയ്സ് ഓഫ് ഗൾഫ് റിട്ടേണീസ് എക്സലൻസ് പുരസ്കാര ചടങ്ങ് അശ്വതി തിരുനാൾ ഗൗരിലക്ഷ്മിഭായി ഉദ്ഘാടനം ചെയ്യുന്നു.

ഹയർ സെക്കൻഡറി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസിലെ വിചിത്ര. എ.എസ്, ആദിത്യ. എസ്.എച്ച്, അഞ്ജു. എസ്.എസ്, ജിൻസി.എൻ.ജെ,

റോസ് മേരി. ജെ, അമീഷ.എസ്, ആര്യ എസ്. രാജ്, ആതിര . എസ്.എൽ

ആതിര . വി.ബി, ദേവിക . വി.എസ്, ഗൗരി പ്രിയ . എച്ച്.എസ്, ശ്രുതി കൃഷ്ണ

വന്ദന . സി, ലക്ഷ്മി . എൽ, ശ്രീപാർവതി, ആതിര . കെ

പല്ലവി ഗോപൻ, മമത . എസ്.എസ്, ലിംന ലോറൻസ്, ജയലക്ഷ്മി . ആർ.ജെ, നമിത. എം.ജി

KVM സമരം സർക്കാർ ഇടപെടുക.
KVM ആശുപത്രി സർക്കാർ ഏറ്റെടുക്കുക.
സർക്കാർ വിജ്ഞാപനം ഉടൻ നടപ്പിലാക്കുക.
ട്രെയിനി സമ്പ്രദായം നിർത്തലാക്കുക.
വെട്ടിക്കുറച്ച അലവൻസ് പുനഃസ്ഥാപിക്കുക.
una
യുണൈറ്റഡ് നഴ്സസ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ
സെക്രട്ടേറിയറ്റ് മാർച്ച്
2018 മെയ് 16 ബുധൻ

കെ. വി. എം സമരത്തിൽ സർക്കാർ ഇടപെടുക, ട്രെയിനി സമ്പ്രദായം നിറുത്തലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്

സിനിമയിലെ മക്കൾ രാഷ്ട്രീയം

അഭിപ്രായം വ്യക്തമാക്കി ഉണ്ണി മുകുന്ദനും ബിനീഷ് കോടിയേരിയും

തിരുവനന്തപുരം: ഉറ്റ സുഹൃത്തുക്കളാണെങ്കിലും 'സിനിമ'യിലെ മക്കൾ 'രാഷ്ട്രീയ'ത്തെക്കുറിച്ച് പറയുമ്പോൾ നടൻമാരായ ബിനീഷ് കോടിയേരിയും ഉണ്ണിമുകുന്ദനും വ്യത്യസ്ത അഭിപ്രായക്കാരാണ്. സിനിമയിൽ രക്ഷിതാക്കളുടെ തണലിൽ എത്തുന്നവരിൽ കഴിവുള്ളവർ നിലനിൽക്കും. പക്ഷേ, ഇടതുപക്ഷ രാഷ്ട്രീയത്തിൽ 'മക്കൾ സ്വാധീനം' ഒരിക്കലും നടക്കില്ലെന്നാണ് ബിനീഷ് കോടിയേരി പറയുന്നത്. നേതാക്കളുടെ മക്കൾ എന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വലിയ പ്രശ്നമാണ്. ജനങ്ങൾ ഒരാളെ എങ്ങനെ സ്വീകരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഒരാളുടെ രാഷ്ട്രീയ ഭാവിയെന്നും ബിനീഷ് പറഞ്ഞു.

കഴിവുള്ളവർ സിനിമയെന്നല്ല ഏത് മേഖലയിലും വിജയിക്കുമെന്നാണ് ഉണ്ണി മുകുന്ദന്റെ പക്ഷം. താനൊക്കെ അവസരങ്ങൾക്കായി ഒരുപാട് അലഞ്ഞിട്ടുണ്ട്. രക്ഷിതാക്കളുടെ പേരിൽ ദുൽഖറിനും പ്രണവിനും എൻട്രി കിട്ടിയത് വലിയകാര്യമാണെന്നും ഉണ്ണിമുകുന്ദൻ പറഞ്ഞു.

കൈരളി, ശ്രീ, നിള തിയേറ്റർ കോംപ്ലക്സിലെത്തിയ ചലച്ചിത്ര താരങ്ങളായ ഉണ്ണി മുകുന്ദനും ബിനീഷ് കോടിയേരിയും സംഭാഷണത്തിൽ

അന്താരാഷ്ട്ര ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിനോട് അനുബന്ധിച്ച് നടന്ന 'ദുൽഖർ സൽമാൻ-മമ്മൂട്ടി, പ്രണവ് - മോഹൻലാൽ' എന്ന ഓപ്പൺഫോറത്തിൽ സംസാരിക്കുകയായിരുന്നു ഇവർ.

പ്രേംനസീർ മലയാളസിനിമയുടെ തലതൊട്ടപ്പനായി നിന്നിരുന്ന കാലത്താണ് മകൻ ഷാനവാസ് അഭിനയരംഗത്ത് എത്തിയത്. എന്നാൽ രണ്ടോമൂന്നോ സിനിമയ്ക്കപ്പുറം ഷാനവാസിന് നിലനിൽക്കാനായില്ലെന്ന് സംവിധായകൻ ഹരികുമാർ പറഞ്ഞു. സത്യന്റെയും കെ.പി. ഉമ്മറിന്റെയും മക്കളുടെ അവസ്ഥയും ഇതുപോലെയായിരുന്നു. കലാരംഗത്ത് പ്രതിഭ വേണം രാഷ്ട്രീയത്തിൽ പ്രതിഭ വേണ്ടെന്നും ഹരികുമാർ അഭിപ്രായപ്പെട്ടു.

പണവും അധാകാരവും പദവിയും ഉള്ളവരുടെ മക്കൾ സിനിമയുൾപ്പെടെയുള്ള എല്ലാ മേഖലകളും കീഴടക്കുമ്പോൾ സാധാരണക്കാരുടെ മക്കൾ ആരുടെ തണലും ഇല്ലാതെ പ്രയാസപ്പെടുകയാണെന്ന് സംവിധായിക വിധു വിൻസെന്റ് പറഞ്ഞു. നടൻമാരുടെ മക്കൾ സിനിമയിലെത്തുന്നത് രക്ഷിതാവിന്റെ തണലിലാണെന്നും എന്നാൽ മക്കൾ നടൻമാരൊന്നും മോശക്കാരല്ലെന്നും സംവിധായകൻ മനോജ് കാന ചൂണ്ടിക്കാട്ടി.

ഞാനൊക്കെ യൂത്ത് ഫെസ്റ്റിവലുകളിലൂടെയാണ് സിനിമയിലെത്തിയതെന്ന് നടൻ ജോബി. പെട്ടെന്നൊരു താരത്തിന്റെ മകൻ പൊട്ടിമുളച്ച് വരുന്നത് കാണുമ്പോൾ വിഷമം തോന്നുമെന്നും ജോബി പറഞ്ഞു.

പോരാട്ടവീര്യത്തോടെ രോഗങ്ങളോട് പടവെട്ടി അരിപ്പയുടെ 'സ്വർണ നായിക'

അമൃത.എസ്.എം

തിരുവനന്തപുരം: അരിപ്പ ഭൂസമര സമിതിയുടെ പോരാട്ടം 546 ദിവസങ്ങൾ പിന്നിട്ടു, പക്ഷേ സമര നായിക സ്വർണമ്മ രോഗങ്ങളിൽ തളരുകയാണ്.

വാർദ്ധക്യസഹജമായ രോഗങ്ങളോട് പൊരുതുന്ന സ്വർണമ്മയെ സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തലിൽ നിന്ന് ആശുപത്രിയിലേക്ക് മാറ്റി. എന്നാൽ അതിലൊന്നും തന്റെ സമരജ്വാലയെ കെടുത്താനാകില്ലെന്നാണ് ഈ അറുപത്തഞ്ചുകാരി പറയുന്നത്.

മണ്ണിൽ പൊന്നു വിളയിച്ചിരുന്ന ഭൂമിക്കായാണ് 2012 ഡിസംബർ 31 ന് സമരം തുടങ്ങിയത്. വെയിലും മഴയുമേറ്റുള്ള സമരത്തിന് മുന്നിൽ സ്വർണമ്മ നിൽക്കുമ്പോൾ പിന്നിൽ അണിനിരന്നത് ദുരിതം പേറുന്ന വലിയൊരു ജനതയാണ്.

കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ആദിവാസി, ദളിത്, ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർ. ആറ് വർഷം മുമ്പ് അരിപ്പയിൽ കുടിൽ കെട്ടി തുടങ്ങിയ സമരം കഴിഞ്ഞ വർഷം ഫെബ്രുവരി 13നാണ് സെക്രട്ടേറിയറ്റിന് മുന്നിലേക്ക് മാറ്റിയത്. സമരമുഖം മാറിയെങ്കിലും കാണേണ്ടവർ ഒന്നും കാണുന്നില്ല. പരാതികളും നിവേദനങ്ങളും പലത് നൽകിയെങ്കിലും ഫലം കണ്ടില്ല.

350 കുടുംബങ്ങളാണ് ഭൂമിക്കായി സമരമുഖത്തുള്ളത്. കൃഷി ചെയ്തുവളർന്ന ഭൂമിയിൽ ജീവിക്കാൻ ഇടം വേണമെന്ന മുറവിളി അങ്ങനെ നീളുമ്പോൾ വിജയം കണ്ടേ പിന്മാറൂ എന്ന പ്രതിജ്ഞയിലാണ് സ്വർണമ്മയും കൂട്ടരും.